Talented Bankers Literary Panel
പുസ്തക പരിചയം 85

പരിചയപ്പെടുത്തുന്നത്,
ആദർശ് ജി
കേരള ഗ്രാമീൺ ബാങ്ക്
റോഡുവിള ശാഖ.

**ഹരിദ്വാരിൽ മണികൾ മുഴങ്ങുന്നു (നോവൽ)**
**എം മുകുന്ദൻ.**

പുസ്തകം വാങ്ങി ഏറെനാളായെങ്കിലും കഴിഞ്ഞ ആഴ്ചയാണ് വായിക്കാൻ കഴിഞ്ഞത്. ചരസ്സിന്റെ ലഹരിയിൽ നിന്ന് ഹരിദ്വാറിലെ ഭക്തിയുടെ ലഹരിയിലേക്ക് മോക്ഷം തേടിയുള്ള ഒരു യാത്രയാണ് നോവൽ . മറക്കാൻ കഴിയാത്ത ഒരു യാത്രയ്ക്കിടയിലാണ് കഴിഞ്ഞ ആഴ്ച ഈ പുസ്തകം വായിച്ചത്. ഒറ്റഇരുപ്പിൽ തന്നെ വായിച്ചു തീർത്തു.

മയ്യഴിയുടെ കഥാകാരന്റെ കയ്യൊപ്പ് പതിഞ്ഞ സർഗാത്മകത നിറഞ്ഞുനിൽക്കുന്ന മനോഹരമായ ഒരു നോവലാണ് " ഹരിദ്വാരിൽ മണികൾ മുഴങ്ങുന്നു".

" നാം ഇന്നുമുതൽ പാപത്തിൽ നിന്ന് മോചിതരാണ് "
" അതിന് നമ്മൾ എന്ത് പാപമാണ് ചെയ്തത് രമേശ്? ".
'ജീവിക്കുന്നു എന്ന പാപം'.

ഈ വരികൾ മതി നോവലിലെ വരികളിലെ തീവ്രതയും ലഹരിയും മനസ്സിലാക്കാൻ. പുസ്തകത്തിന്റെ പുറംചട്ടയിലെ ഈ വരികളാണ് എന്നെ ഈ പുസ്തകത്തിലേക്ക് ആകർഷിച്ചത്.

ചരസ്സിന്റെയും ഭംഗിന്റെയും ലഹരിയിൽ ജീവിതം മുന്നോട്ടു കൊണ്ട് പോകുന്ന കഥാനായകൻ രമേശ്. പഴയകാല ഡൽഹിയിലെ ലഹരിയുടെ മാസ്മരികതയിൽ വഴിതെറ്റിയ ഒരു യുവത്വത്തിന്റെ പ്രതീകമായി രമേശ് മാറുന്നു. സുജ എന്ന കഥാനായികയിലൂടെ ഒരു അനശ്വര പ്രണയം മുകുന്ദൻ വായനക്കാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു.

ജോലിക്കിടയിൽ മൂന്നു ദിവസം അവധി കിട്ടിയപ്പോൾ ഒരു യാത്രയ്ക്ക് പറ്റിയ സ്ഥലം അന്വേഷിക്കുന്ന രമേശിലൂടെയാണ് നോവൽ തുടങ്ങുന്നത്. ഒടുവിൽ ഹരിദ്വാരിൽ പോകാമെന്ന് അയാൾ തീരുമാനിക്കുന്നു. രമേശനും സുജയും ഹരിദ്വാറിലേക്ക് തിരിക്കുന്നു. ഹരിദ്വാരിൽ എത്തിയ ശേഷവും രമേശൻ ലഹരിയിൽ മുങ്ങാൻ ആണ് ആദ്യം സമയം കണ്ടെത്തുന്നത്. ആ സമയങ്ങളിൽ ഒരു കുട്ടിയെപ്പോലെ രമേശിനെ സംരക്ഷിക്കുന്ന സുജ അവരുടെ പ്രണയത്തിന്റെ തീവ്രത കാട്ടി തരുന്നു. ആ സമയം ലഹരിയിൽ മുങ്ങിയ രമേശൻ തെരുവിലെ ലഹരി തേടി അലയുന്നു.

ചരസ്സിന്റെയും ഭംഗിന്റെയും ലഹരി തേടി അലയുന്നതിനിടയിൽ ഹരിദ്വാറിലെ ഭക്തിയുടെ ലഹരിയിലേക്ക് വീഴുന്നു. മോക്ഷം തേടുന്ന രമേശന് പിന്നെ ഒരു തിരിച്ചുപോക്ക് ഉണ്ടാവുന്നില്ല. സുജയുടെ പ്രണയം ഒരു നൊമ്പരമായി

അവശേഷിപ്പിച്ച് രമേശൻ ഹരിദ്വാരിലെ ഭക്തിയുടെ മണിയൊച്ചകളിലേക്ക് അലിയുന്നു.

പുസ്തകം വായിച്ചു തീരുമ്പോൾ വായനയുടെ ലഹരിയിൽ ഹരിദ്വാരിലെ മണിമുഴക്കം നമുക്ക് കേൾക്കാൻ കഴിയും.

പ്രസാധകർ: ഡിസി ബുക്ക്സ്
വില - Rs. 100/-